**POLICE** **DEPARTMENT**

**KERALA**

**No. E3-16393/2024/P**
District Police Office,
Palakkad
✉spplkd.pol@kerala.gov.in
📞04912536700
Dated. 09-03-2024

**<u>പുനർ ലേല പരസ്യം</u>**

പാലക്കാട് ജില്ലാ പോലീസ് ഓഫീസിൻറെ മതിൽകെട്ടിനകത്തുള്ള 8 തെങ്ങുകളിലെയും അനെക്സ് കെട്ടിടത്തിൻറെ മതിൽകെട്ടിനകത്തു നിൽക്കുന്ന 3 തെങ്ങുകളിലെയും (മൊത്തം 11 എണ്ണം) കായ്ഫലദികൾ 01.04.2024 മുതൽ 31.03.2025 വരെയുള്ള കാലയളവിലേക്ക് പറിച്ചെടുക്കുന്നതിനുള്ള അവകാശം **14.03.2024** ന് രാവിലെ **11.00** മണിക്ക് ജില്ലാ പോലീസ് ഓഫീസ് പരിസരത്തുവെച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്.

**ലേല നിബന്ധനകൾ:-**

1. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 100/- രൂപ നിരതദ്രവ്യം കെട്ടിവയേക്കണ്ടതാണ്.

2. കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്നവർക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ടിയാൻ നിശ്ചിത തുക അപ്പോൾതന്നെ അടക്കേണ്ടതുമാണ്.

3. ലേലം ഉറപ്പിച്ച് ഈ ഓഫീസിൽ നിന്നും രേഖാമൂലം ഉത്തരവ് ലഭിച്ച് 01.04.2024 മുതൽ 31.03.2025 വരെയുള്ള കാലയളവിൽ സ്വന്തം ഉത്തരവാദിത്വത്തിലും, ചിലവിലും ഫലവൃക്ഷങ്ങൾക്ക് കേടുപാടുകൾ ഉണ്ടാവാത്ത വിധത്തിലും കായ്ഫലങ്ങൾ ശേഖരിക്കാവുന്നതാണ്.

4. മുകളിൽ പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻറെ നിരതദ്രവ്യവും ലേലതുകയും സർക്കാരിലേക്ക് മുതൽകൊട്ടുന്നതും, പുനർലേലം നടത്തുന്നതുമാണ്. പുനർലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ പ്രസ്തുത നഷ്ടം ആദ്യം ലേലം കൊണ്ടായാളിൽ നിന്നും ഈടാക്കുന്നതാണ്.

5. ലേലം കഴിഞ്ഞയുടനെ ലേലത്തിൽ പങ്കെടുത്തവരുടെ നിരതദ്രവ്യം (ലേലം കൊണ്ടായാളിൻറെ ഒഴികെ) മടക്കികൊടുക്കുന്നതാണ്.

6. യാതൊരു കാരണവും കാണിക്കാതെ തന്നെ ലേല ദിവസം മാറ്റിവെക്കുന്നതിനും ലേലം റദ്ദ് ചെയ്യുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും ജില്ലാ പോലീസ് മേധാവിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ANAND R IPS
District Police Chief

E3-16393/2024/P

fbb008

To : ഡി.പി.ഓ മാനേജർ (ബോർഡ് ചെയർമാൻ), JS-VI (ബോർഡ് മെമ്പർ), പി.ആർ.ഓ, ഡി.പി.ഓ (ബോർഡ് മെമ്പർ) എന്നിവരുടെ അറിവിലേക്കും 14.03.2023 തീയ്യതി ലേലം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി.

Copy To : 1) അഡിഷണൽ എസ്.പി അറിയുന്നതിന്, എല്ലാ ഡി.വൈ.എസ്.പി മാരുടെയും, ഡി സി, ഡി എച്ച ക്യൂ ക്യാമ്പ്, പാലക്കാടിൻറെ അറിവിലേക്കായി. 2) പി.ആർ.ഓ, ഡി.പി.ഓ പാലക്കാടിൻറെ അറിവിലേക്കും ആനന്തരനടപടികൾക്കുമായി (10 കോപ്പി). 3) ഈ ഓഫീസിലെ സീനിയർ എ.എ, എ.ഓ, എല്ലാ ജൂനിയർ സൂപ്രണ്ടുമാർക്കും, സീനിയർ ക്ലർക്കമാർക്കും, ക്ലർക്കമാർക്കും അറിവിനായി.

Internal Administrative Processing System
iAPS
KERALA POLICE